# IRSHADUL- A- EMMA

Run by Arafa Cultural & Charitable Trust (Reg.)

Nellikuzhi P.O., Kothamangalam, Ernakulam PH: 9495190895


## ജുമുഅ പ്രഭാഷണം ‘‘തീയിൽ കുരുത്തത് വെയിലത്ത് വാടില്ല’’ (24/03/17)


**അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648**


يُرِيدُونَ لِيُطْفِئُوا نُورَ اللَّهِ بِأَفْوَاهِهِمْ وَاللَّهُ مُتِمُّ نُورِهِ وَلَوْ كَرِهَ الْكَافِرُونَ (٨) هُوَ الَّذِي أَرْسَلَ رَسُولَهُ بِالْهُدَى وَدِينِ الْحَقِّ لِيُظْهِرَهُ عَلَى الدِّينِ كُلِّهِ وَلَوْ كَرِهَ الْمُشْرِكُونَ (٩) ﴿الصف﴾

➢ നമ്മുടെ രാജ്യത്ത് ജനാധിപത്യ വിരുദ്ധചേരി ശക്തി പ്രാപിക്കുകയാണ്. ഉദാ: കഴിഞ്ഞ ആഴ്ചയിലെ നിയമ സഭാ തിരഞ്ഞെടുപ്പുകൾ. *യു.പിയിലെ പുതിയ രാഷ്ട്രീയ കാലാവസ്ഥ. മുന്നൂറിലധികം അംഗങ്ങൾ ജയിച്ചിട്ടും അവരെ ഒഴിവാക്കി എം.എൽ.എ അല്ലാത്ത യോഗിയെ വാഴിച്ചു. ലക്ഷ്യം, തീവ്ര ഹിന്ദുത്വ വൽക്കരണം. അടുത്ത ലോക് സഭാ തിരഞ്ഞെടുപ്പ് വിജയം. 2022ൽ തന്റെ സ്വപ്ന ഭാരതം സ്ഥാപിക്കാൻ കഴിയുമെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന ചേർത്ത് വായിക്കുക .

➢ കേരളത്തിലും ഈ പദ്ധതി നടപ്പാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് മദ്റസാ അധ്യാപകന്റെ കൊലപാതകം. മുസ്‌ലിംകളെ തെരുവിലിറക്കി പ്രകോപനം ഉണ്ടാക്കലാണ് ലക്ഷ്യം. അപ്പോൾ വീ ും ആക്രമണങ്ങൾ സംഘടിപ്പിക്കാം. മറ്റൊന്ന് സാമുദായിക ധ്രുവീകരണം വരുത്തി ഹിന്ദുക്കളെ ഏകോപിപ്പിച്ച് അടുത്ത തിരഞ്ഞെടുപ്പുകളെ പാകപ്പെടുത്താം. വടക്കെ ഇന്ത്യയിൽ ഇങ്ങനെയാണ് പാർട്ടി വളർത്തിയത്.

ഇവിടെ ചില കാര്യങ്ങൾ നാം മനസ്സിലാക്കണം.

(1). കൊല്ലപ്പെട്ടയാൾക്ക് സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനം ലഭിക്കും.

وَلَا تَحْسَبَنَّ الَّذِينَ قُتِلُوا فِي سَبِيلِ اللَّهِ أَمْوَاتًا ۚ بَلْ أَحْيَاءٌ عِندَ رَبِّهِمْ يُرْزَقُونَ (١٦٩) فَرِحِينَ بِمَا آتَاهُمُ اللَّهُ مِن فَضْلِهِ وَيَسْتَبْشِرُونَ بِالَّذِينَ لَمْ يَلْحَقُوا بِهِم مِّنْ خَلْفِهِمْ أَلَّا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ (١٧٠)

قَال رَسُول الله صَلَّى اللَّهُ عَلَيْهِ وَسَلَّمَ: أَرْوَاحُهُمْ فِي جَوْفِ طَيْرٍ خُضْرٍ لَهَا قَنَادِيلُ مُعَلَّقَةٌ بِالْعَرْشِ تَسْرَحُ مِنَ الْجَنَّةِ حَيْثُ شَاءَتْ ثُمَّ تَأْوِي إِلَى تِلْكَ الْقَنَادِيلِ (مسلم)

(2).ഇത്തരം വിഷയങ്ങളിൽ നാം സമുദായനേതൃത്വത്തിന്റെ ആഹ്വാനങ്ങൾ ചെവിക്കൊള്ളുക. വൈകാരികമായ പ്രതികരണങ്ങൾ എതിരാളികൾക്ക് വളം വെക്കം. അതുണ്ടാകരുത്.

➢ എന്നാൽ ഇത്തരം സംഭവങ്ങൾ മുസ്‌ലിം സമുദായത്തിന് പ്രയാസങ്ങൾ സൃഷ്ടിക്കും. പക്ഷേ ഇസ്ലാമിനെ തകർക്കാൻ ഒരു ശക്തിക്കും സാധിക്കുകയില്ല. കാരണം ദീൻ ഇലാഹീ മതമാണ്. ഖിയാമത്ത്വരെ നിലനില്ക്കും.

يُرِيدُونَ لِيُطْفِئُوا نُورَ اللَّهِ بِأَفْوَاهِهِمْ وَاللَّهُ مُتِمُّ نُورِهِ وَلَوْ كَرِهَ الْكَافِرُونَ (٨) هُوَ الَّذِي أَرْسَلَ رَسُولَهُ بِالْهُدَى وَدِينِ الْحَقِّ لِيُظْهِرَهُ عَلَى الدِّينِ كُلِّهِ وَلَوْ كَرِهَ الْمُشْرِكُونَ (٩) ﴿الصف﴾

ഇസ്ലാമിനെതിരെ നീങ്ങുന്നവരുടെ ഉപമ: സൂര്യനെ വായകൊ ് ഊതിക്കെടുത്തുവാൻ ശ്രമിക്കുന്നവരുടേതാണ്. അത് അസാധ്യമാണ്.

مَثَلُهُمْ فِي ذَلِكَ كَمَثَلِ مَنْ يُرِيدُ أَنْ يُطْفِئَ شُعَاعَ الشَّمْسِ وَكَمَا أَنَّ هَذَا مُسْتَحِيلٌ كَذَاكَ ذَلِكَ مُسْتَحِيلٌ.(ابن كثير)

മറിച്ച് ഇസ്ലാം ലോകത്തെ കീഴടക്കുമെന്നും ശത്രുക്കൾക്ക് മുസ്‌ലിംകളെ നശിപ്പിക്കാൻ കഴിയില്ലെന്നും അല്ലാഹു ഉറപ്പ് നൽകിയിരിക്കുന്നു.

عَنْ ثَوْبَانَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ اللَّهَ زَوَى لِيَ الْأَرْضَ فَرَأَيْتُ مَشَارِقَهَا وَمَغَارِبَهَا وَإِنَّ أُمَّتِي سَيَبْلُغُ مُلْكُهَا مَا زُوِيَ لِي مِنْهَا وَأُعْطِيتُ الْكَنْزَيْنِ الْأَحْمَرَ وَالْأَبْيَضَ وَإِنِّي سَأَلْتُ رَبِّي لِأُمَّتِي أَنْ لَا يُهْلِكَهَا بِسَنَةٍ عَامَّةٍ وَأَنْ لَا يُسَلِّطَ عَلَيْهِمْ عَدُوًّا مِنْ سِوَى أَنْفُسِهِمْ فَيَسْتَبِيحَ بَيْضَتَهُمْ وَإِنَّ رَبِّي قَالَ يَا مُحَمَّدُ إِنِّي إِذَا قَضَيْتُ قَضَاءً فَإِنَّهُ لَا يُرَدُّ وَإِنِّي أَعْطَيْتُكَ لِأُمَّتِكَ أَنْ لَا أُهْلِكَهُمْ بِسَنَةٍ عَامَّةٍ وَأَنْ لَا أُسَلِّطَ عَلَيْهِمْ عَدُوًّا مِنْ سِوَى أَنْفُسِهِمْ فَيَسْتَبِيحَ بَيْضَتَهُمْ وَلَوْ اجْتَمَعَ عَلَيْهِمْ مَنْ بِأَقْطَارِهَا أَوْ قَالَ مَنْ بَيْنَ أَقْطَارِهَا حَتَّى يَكُونَ بَعْضُهُمْ يُهْلِكُ بَعْضًا وَيَسْبِي بَعْضُهُمْ بَعْضًا (ترمذي)

=ഭൂമിയെ എനിക്ക് ചുരുട്ടി കാണിക്കപ്പെട്ടു. കിഴക്കും പടിഞ്ഞാറും ഞാൻ ക ു. അവിടെയെല്ലാം ഉമ്മത്തിന്റെ അധികാരം എത്തും.(പടിഞ്ഞാറൻ രാജ്യങ്ങൾ ഇസ്ലാമിന്റെ കൊടിക്കീഴിൽ വരും.)

- കടുത്ത വെല്ലുവിളികളെ അതിജയിച്ച മതമാണ് ഇസ്ലാം എന്നതാണ് മറ്റൊരു കാരണം. അന്നൊന്നും ദീനിനെ തകർക്കാൻ കഴിഞ്ഞിട്ടില്ല. ഇസ്ലാം നേരിട്ട ഏറ്റവും വലിയ വെല്ലുവിളി, 7-ാം നൂറ്റാണ്ടിൽ ചെങ്കിസ്ഖാന്റെ നേതൃത്തിൽ താർത്താരികളുടെ ആക്രമണമായിരുന്നു. ഇമാം ഇബ്നുൽ അസീർ രേഖപ്പെടുത്തുന്നു.

إن العالم منذ خلق الله سبحانه وتعالى آدم إلى الآن لم يُبتلوا بمثلها لكان صادقًا".( الكامل في التاريخ)

ബാഗ്ദാദിലും പരിസരങ്ങളിലും മാത്രം 1,80,000 പേരെ കൊന്നു. കടന്നുപോയ പ്രദേശങ്ങളിൽ പള്ളിയും മനുഷ്യരെയും ബാക്കി വച്ചില്ല. ഇറാൻ, ഇറാഖ്, ശാം, സിറിയ നാമാവശേഷമായി. ഇസ്ലാമിക ഗ്രന്ഥങ്ങൾ കത്തിച്ചു.

- എന്നാൽ ചരിത്രത്തിലെ മഹാദുരന്തത്തിൽ നിന്ന് ഇസ്ലാം അൽഭുതകരമായി ഉയർത്തെഴുന്നേറ്റു.

1. ഈജിപ്റ്റിലെ ഖലീഫ താർത്താരികളെ പരാജയപ്പെടുത്തി. അവർ തോറ്റു തുന്നം പാടി
2. ചെങ്കിസ്ഖാന്റെ അടുത്ത തലമുറ ഇസ്ലാം സ്വീകരിക്കുക വഴി അവരെക്കൊണ്ട് തന്നെ ദീനിനെ റബ്ബ് വളർത്തി.

ചരിത്രം ആവർത്തിക്കും. താൽക്കാലിക ക്ഷീണത്തിൽ നിന്ന് ശക്തമായി ദീൻ തിരിച്ചുവരും.

سَيَجْعَلُ اللَّهُ بَعْدَ عُسْرٍ يُسْرًا (٧) ﴿الطلاق﴾